## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *631** **10.07.2014 ന് മറുപടിയ്ക്ക്**

## ഐ.ടി.ഐ കളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ ദാസൻ:<br>ശ്രീ. എം ചന്ദ്രൻ:<br>ഡോ. കെ.ടി. ജലീൽ:<br>ശ്രീ. ആർ രാജേഷ്: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐകളെ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്താനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് 5 ഐ.ടി.ഐ കളെ കേന്ദ്ര സഹായത്തോടെയുള്ള 'ഡൊമസ്റ്റിക് ഫണ്ടിംഗ്' പ്രകാരവും, 7 ഐ.ടി.ഐകളെ ലോകബാങ്ക് സഹായത്തോടെയും, 26 ഐ.ടി.ഐകളെ പി.പി.പി പദ്ധതി പ്രകാരവും ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) പദ്ധതിയുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്ന് അറിയിക്കാമോ; | (ബി) 'ഡൊമസ്റ്റിക് ഫണ്ടിംഗ്' പൂർണ്ണമായും ഒരു കേന്ദ്ര സഹായ പദ്ധതിയാണ്. ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയിൽ കേന്ദ്ര വിഹിതം 75% -വും സംസ്ഥാന വിഹിതം 25%-വും ആണ്. പി.പി.പി പദ്ധതിയിൽ ഓരോ ഐ.ടി.ഐ യ്ക്കും 2.5 കോടി രൂപ വീതം പലിശ രഹിത വായ്പയായി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. |
| സി) സംസ്ഥാനം ഇതിനായി നീക്കിവെച്ച തുകയെത്രയാണ്; സംസ്ഥാന വിഹിതം വകയിരുത്താത്തതിനാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | (സി) സംസ്ഥാന വിഹിതമായി 8.48 കോടി രൂപ ഇതുവരെ ലോകബാങ്ക് പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 2014 നവംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ